OPPRESSION OF THE POOR BY THE POLICE AT POYYA—PARTICULARS OF

192. (352) മിസ്റ്റർ എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) പൊയ്യയിൽ അമ്പുക്കൻ അപ്പോം, എക്സ് എം. എൽ. സി. യുടെ വസതിയിൽ വെച്ചു രണ്ടു ഹെഡ്കോൺസ്റ്റബിൾമാരും മറ്റു രണ്ടു പൊല്ലീസുകാരും കൂടി എതാനും സാധുക്കളെ എതാനും ദിവസങ്ങൾക്കുമുമ്പു വിളിച്ചു കഠിനമായി മർദ്ദിച്ചതായി പ്രധാനമന്ത്രിക്കൊ പൊല്ലീസ് കമ്മീഷണക്കൊ വല്ല പരാതിയും കിട്ടിയിട്ടുണ്ടൊ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റി വല്ല അന്വേഷണവും നടത്തിയൊ; ആരാണു നടത്തിയതു;

(സി) അന്വേഷണഫലം എന്തായിരുന്നു;

(ഡി) മർദ്ദിച്ചവരെന്നു പറയപ്പെടുന്ന പൊല്ലീസ് ഹെഡ്കോൺസ്റ്റബിൾമാരുടെ മേൽ വല്ല നടപടിയും എടുക്കുകയുണ്ടായൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) കൊടുങ്ങല്ലൂർ പോലീസ്, അമ്പുക്കന്റെ സഹായത്തോടുകൂടി പൊയ്യയിലെ ചില വാലന്മാരെ ഭേഷോപദ്രവം ഏല്പിച്ചു എന്നുകാണിച്ചു് ഓരോ കമ്പി പ്രധാനമന്ത്രിക്കും, പൊല്ലീസ് കമ്മീഷണക്കും കിട്ടിയിട്ടുണ്ടു്.

(ബി) ഉവ്വു്. തൃശ്ശിവപേരൂർ ഡെപ്യൂട്ടി പൊല്ലീസ് കമ്മീഷണർ. പൊല്ലീസ് കമ്മീഷണരും അതിനെപ്പറ്റി അന്വേഷിക്കുന്നുണ്ടു്.

(സി) അന്വേഷണം പൂർത്തിയായിട്ടില്ല.

(ഡി) ഇല്ല.

SWEET TODDY TAPPING—INFORMATION REGARDING

193. (8) മിസ്റ്റർ സി. വി. ഇയ്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഫ ഫ ഫ കന്നി ഫനു-ാംനു-യിലെ ഗസറ്റിൽ ഫ-ാംപാട്ടിൽ ഫ ഫ ഫ കന്നി ഫനു-ാംനു-യിലെ നു ഫ-ാംനമ്പ്രായി പ്രസിദ്ധീകരിച്ചിട്ടുള്ള എക്സൈസ് ഡിപ്പാർട്ടുമെണ്ടിനെ ബാധിക്കുന്നതും ചക്കരക്കള്ളു് (മധുരക്കള്ളു് വ്യവസായം) ചെത്തുന്നതു സംബന്ധിക്കുന്നതുമായ ഗവൺമെണ്ടു പരസ്യം ഭേദഗതി ചെയ്തതായി ഫ ഫ ഫനു മിഥുനം ഫ ങ-ാംനു-യിൽ ഫനു ങ-ാംനമ്പ്രായി ഗവൺമെണ്ടിൽനിന്നും ഒരു പരസ്യം ഫ ഫ ഫനു കർക്കടകം ഫ-ാംനു-യിലെ ഗസറ്റിൽ ഫ-ാം പാട്ടിൽ വ ർ നു-ാം പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഫ ഫ ഫ ർ ചിങ്ങം ഫ-ാംനു മുതൽ എതാനും ദിവസത്തേക്കു് കള്ളുഷാപ്പുകളിലേലം വിളിക്കാനും, പുളിങ്കള്ളു ചെത്താനും തുള്ളിയില്ലാത്ത പ്രത്യേക പരിതഃസ്ഥിതിയിൽ കുന്തംകുളം എക്സൈസ് റെയിഞ്ചിൽ മധുരക്കള്ളു ചെത്തുന്നതു് എക്സൈസ് ഡിപ്പാർട്ടുമെണ്ടിൽനിന്നും നിരോധിക്കുകയുണ്ടായിട്ടുണ്ടോ;

(സി) മേലെഴുതിയ എ, ബി, എന്നീ ചോദ്യങ്ങൾക്ക സമ്മതിച്ചതായ മറുപടിയാണെങ്കിൽ മേൽ നടപടികൾകൊണ്ടു മധുരക്കള്ളു ചെത്തി ചക്കരയുണ്ടാക്കുന്ന കുടിൽ വ്യവസായികളുടെ നഷ്ടകഷ്ടങ്ങളേയും തൊഴിലില്ലായ്മയേയും ഗവൺമെണ്ടു പരിഹരിക്കാൻ എന്തു ചെയ്തു;

(ഡി) മേൽ (എ)ൽ പറഞ്ഞതായ ഫ ഫ ഫനു കർക്കടകം ഫ-ാംനു-യിലെ ഗസറ്റിൽ ഫ-ാം പാട്ടിൽ വ ർ നു-ാം പ്രസിദ്ധീകരിച്ചിട്ടുള്ളതായ ഫ ഫ ഫനു മിഥുനം ഫ ങ-ാംനു-യിലെ ഫനു ങ-ാംനമ്പ്രു് പരസ്യം നിലവിലുള്ളതിനാൽ ഈ ചിങ്ങമാസം ഫ ഠ-ാംനു-ക്കുശേഷം അപേക്ഷിച്ചതായ എത്ര ചക്കര ചെത്തു വ്യവസായികളുടെ കന്നി ഫ ങ-ാംക്കകം വന്നു, വാക്കാലും രേഖാമൂലവും വന്ന അപേക്ഷകൾ സ്റ്റോറ മുഴവനും നിഷേധിക്കപ്പെട്ടു;

(ഇ) കഴിഞ്ഞകൊല്ലം കന്നി ഫ ങ-ാംനു-ക്കുവും തുടയതിനു ശേഷവും ഓരോ മാസങ്ങളിലും മധുരക്കള്ളു ചെത്താൻ അനുവദിച്ചിട്ടുള്ള ഓരോ റെയിഞ്ചുകളിലേയും അപേക്ഷകളുടേയും ഈ കൊല്ലം ചിങ്ങം ഫ ഠ-ാംനു-ക്കുവും അതിനുശേഷം കന്നി ഫ ങ-ാംനു-ക്കുവും ലഭിച്ചിട്ടുള്ളതായ ഓരോ റെയിഞ്ചിലേയും വെവ്വേറെ എണ്ണം കൊടുക്കുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമൊ?

(എഫ്) സിലോൺ മുതലായ വിദേശങ്ങളിലും കൊച്ചിക്കു പുറമെ ഇന്ത്യയിലും മറ്റു നാടുകളിലും താമസിച്ചിരുന്ന ചെത്തു വ്യവസായികൾ തൊഴിലില്ലായ്മനിമിത്തം കൊച്ചി

LIBRARY ARCHIVES Kerala Legislative Assembly

യിലേക്കുതന്നെ തിരിച്ചു വരുന്നവരായി ഓരോ മാസവും എത്രയുണ്ടെന്നും അവർ ചക്കരവ്യവസായം ഒരു കുടിൽ വ്യവസായമായി സ്വീകരിച്ചു തൊഴിലില്ലായ്മ പരിഹരിക്കുന്നതായും ഗവൺമെണ്ടിനറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) (എ) യിൽ പറയുന്ന നടപടികളെകൊണ്ടു ചക്കരകുടിൽവ്യവസായികൾക്കു യാതൊരു കഷ്ടനഷ്ടവും തൊഴിലില്ലായ്മയും സംഭവിച്ചിട്ടുള്ളതായി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

(ഡി) ഒന്നുമില്ല.

(ഇ) അനുബന്ധം നോക്കുക. *(Vide Appendix.)*

(എഫ്) അറിവില്ല.

മിസ്റ്റർ സി. വി. ഇയ്യു: ഈ കല്പനയുടെ പ്രവർത്തനം തല്ക്കാലം സസ്പെണ്ടുചെയ്തു കാലാവധി നീട്ടിക്കൊടുത്തുകൊണ്ട് മിക്കവാറും ഈ കൊല്ലം തൊഴിലില്ലായ്മ കൂടാതെ കഴിഞ്ഞുകൂടുന്നതേ ഉള്ളൂ. പക്ഷെ ആ കല്പന ഇപ്പോഴും നിലവിലുള്ളതു നിമിത്തം ദോഷകരമാണോ എന്നു് ആലോചിച്ചാൽകൊള്ളാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആലോചിക്കാം.

EVICTION OF D. Cs. FROM PORAMBOKE LANDS BY VILLAGE OFFICERS—INFORMATION REGARDING

194. (351) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) പുറമ്പോക്കു സ്ഥലങ്ങളിൽ പുരവെച്ചു താമസിക്കുന്ന പാവപ്പെട്ട അധ:കൃതരെ പല സ്ഥലങ്ങളിലും വില്ലേജു് ഉദ്യോഗസ്ഥന്മാരും സ്ഥാപിത താല്പര്യക്കാരും ഒത്തുചേർന്നു കുടിയിറക്കുവാൻ ശ്രമിക്കുന്നു എന്ന പരാതികൾ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ;

(ബി) എവിടെ നിന്നെല്ലാമാണു് ഈ ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ളതെന്നു് അന്വേഷിക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: പുറംപോക്കു സ്ഥലങ്ങളല്ലാത്ത ജന്മികളുടേയും മുതലാളികളുടേയും സ്ഥലങ്ങളിൽനിന്നു അധ:കൃത കുടികിടപ്പുകാരെ ഒഴിപ്പിക്കുന്നതായി വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ വി. കെ. ജോസഫ്: പുറംപോക്കുസ്ഥലങ്ങളിൽ കുടിയേറിപ്പാർക്കുന്നതിനെ സംബന്ധിച്ചുള്ള ഗവൺമെണ്ടിന്റെ നയമെന്താണു്?

മിസ്റ്റർ കെ. അയ്യപ്പൻ: പുറംപോക്കുസ്ഥലങ്ങളിൽ ദീർഘകാലമായി താമസിക്കുന്നവരുടെ കാര്യത്തിൽ പ്രത്യേകിച്ചു അധ:കൃതരുടെ കാര്യത്തിൽ ചില ആനുകൂല്യങ്ങളെല്ലാം ചെയ്യും. പക്ഷെ അങ്ങിനെ ആനുകൂല്യം ചെയ്യുന്നതുകൊണ്ടു് എല്ലാവരും പുറംപോക്കു സ്ഥലങ്ങളിൽ താമസിക്കാൻ തുടങ്ങിയാൽ അതു വിഷമമാണു്. അധ:കൃതരുടെ കാര്യത്തിൽ പ്രത്യേകം ചില ആനുകൂല്യങ്ങളും ചെയ്യുന്നുണ്ടു്.

മിസ്റ്റർ കെ. കെ കണ്ണൻ: പരാതിയില്ലെന്നാണു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്. പരാതിയുണ്ടെങ്കിൽ നടപടി എടുക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: അതു് ഈ ചോദ്യത്തിൽ ഉൾപ്പെട്ടതല്ല. വില്ലേജു് ഉദ്യോഗസ്ഥന്മാരും സ്ഥാപിതതാല്പര്യക്കാരും ഒത്തുചേർന്നു കുടിയിറക്കുവാൻ ശ്രമിക്കുന്നു എന്ന പരാതി ഉണ്ടോ എന്നാണു് ചോദ്യം. അങ്ങിനെയില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: അങ്ങിനെയുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നു തെളിയിച്ചുതന്നാൽ ഗവൺമെണ്ടു് നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly